# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 22<br>November 22 | 2018 |
|---|---|

*1193 വൃശ്ചികം 6 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സ്കോളർഷിപ്പ്**

പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പ്രവേശനം ലഭിച്ച വിമുക്തഭടന്മാരുടെ മക്കൾക്കും യുദ്ധസമാന സാഹചര്യത്തിൽ മരണപ്പെട്ട സൈനികരുടെ വിധവകൾക്കും പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് ഓൺലൈനായി ksb.gov.in എന്ന വെബ്സൈറ്റിൽ ഈ മാസം 30 വരെ അപേക്ഷിക്കാം. ഫോൺ: 0468 2222104. (പിഎൻപി 3774/18)

**ബാലസംരക്ഷണസമിതികളുടെ ശാക്തീകരണം**
**ശില്പശാല ഇന്ന് (23)**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള ജില്ലാതല ഏകദിന ശില്പശാല ഇന്ന് (23) രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എംഎൽഎമാരായ വീണാജോർജ്, രാജുഎബ്രഹാം, ചിറ്റയം ഗോപകുമാർ, വീണാജോർജ് എന്നിവർ മുഖ്യാതിഥികളാകും. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം സിസ്റ്റർ വിജി ജോസ് ആമുഖ പ്രഭാഷണം നടത്തും. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എ.ഒ.അബീൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ സൂസമ്മ മാത്യു, ജില്ലാ വനിതാശിശു വികസന ഓഫീസർ എൽ.ഷീബ, ബാലാവകാശ കമ്മീഷൻ മുൻ ചെയർമാൻ പി.സുരേഷ്, ഷാൻ രമേശ് ഗോപൻ തുടങ്ങിയവർ പങ്കെടുക്കും.

കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമങ്ങളും പദ്ധതികളും പ്രദാനം ചെയ്യുന്ന പരിരക്ഷയും സേവനങ്ങളും വിഷമകരമായ സാഹചര്യത്തിൽ ജീവിക്കുന്ന എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് ഗ്രാമ–ബ്ലോക്ക്-മുനിസിപ്പൽ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ബാലാവകാശ സംരക്ഷണ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ സംരക്ഷണത്തിൽ ഏറെ ഉത്തരവാദിത്ത ങ്ങൾ നിർവഹിക്കാൻ കഴിയും. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെയും ചൂഷണങ്ങ ളെയും ഫലപ്രദമായി പ്രതിരോധിക്കുവാൻ കഴിയുന്ന ബാലസംരക്ഷണ സമിതികൾ ശാക്തീ കരിക്കപ്പെടേണ്ടത് അടിയന്തരപ്രാധാന്യമുള്ള വിഷയമായതിനാലാണ് ജില്ലാ ചൈൽഡ് പ്രൊട്ട ക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ബാലാവകാശസംരക്ഷണ കമ്മീഷന്റെ പിന്തുണയോടെ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നത്. (പിഎൻപി 3775/18)

## പുനർജനി പദ്ധതി: ഉദ്ഘാടനം ഇന്ന് (23)

പ്രളയാനന്തരമുള്ള കാർഷിക മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന പുനർജനി പദ്ധതിയുടെ ഭാഗമായുള്ള ഏക ദിന കർമ പരിപാടിയുടെ ഉദ്ഘാടനം ഇന്ന് (23) രാവിലെ 11.30ന് റാന്നി സർവീസ് സഹകര ണബാങ്ക് ഓഡിറ്റോറിയത്തിൽ കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ നിർവഹിക്കും. രാജുഎ ബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യും. എംഎൽഎമാരായ ചിറ്റയം ഗോപകുമാർ, വീണാ ജോർജ്, അടൂർ പ്രകാശ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കൃഷി വകുപ്പ് ഡയറക്ടർ ഡോ.പി.കെ.ജയശ്രീ, ജില്ലാ കളക്ടർ പി.ബി.നൂഹ്, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശശികല രാജശേഖരൻ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, വിവിധ തദ്ദേശഭരണ ഭാരവാഹി കൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. രാവിലെ ഒമ്പതിന് പ്രളയാ നന്തരം അനുവർത്തിക്കേണ്ട കാർഷിക മുറകളും ജൈവകൃഷി രീതികളും എന്ന വിഷയ ത്തിൽ കാർഷിക ചർച്ചാ ക്ലാസും നടക്കും. (പിഎൻപി 3776/18)

## കലോത്സവം: വിധികർത്താക്കളാകാൻ അവസരം

തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ നാളെ (24) നടക്കുന്ന കലോ ത്സവ അപ്പീൽ തീർപ്പാക്കലിൽ വിധികർത്താക്കൾക്ക് അപേക്ഷിക്കാം. അപേക്ഷ ഇന്ന് (23) ഉച്ചയ്ക്ക് രണ്ടിന് മുമ്പ് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിക്കണം.

(പിഎൻപി 3777/18)

## മത്സ്യവിത്ത് നിക്ഷേപിച്ചു

നദികൾ, പൊതുജലാശയങ്ങൾ എന്നിവയിലെ മത്സ്യ സമ്പത്ത് വർധിപ്പിക്കുന്നതിനും അതിലൂടെ ഉൾനാടൻ മത്സ്യോല്പാദന വർധനവിനുമായി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യമത്സ്യകൃഷിയുടെ ഭാഗമായി കുറ്റൂർ മണിമലയാറ്റിൽ തോണ്ടറകടവിൽ മത്സ്യവിത്ത് നിക്ഷേപിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്തു. വിവിധ ഇനങ്ങളിൽപ്പെട്ട മൂന്ന് ലക്ഷം കാർപ്പ് മത്സ്യവിത്തുകൾ നദിയിൽ നിക്ഷേപിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് സുമ ചെറിയാൻ, കുറ്റൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖാ രഘുനാഥ്, വൈസ് പ്രസിഡന്റ് ചെറിയാൻ തോമസ്, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ പ്രസന്ന സതീഷ്, ജില്ലാ ഫിഷറീസ് ഓഫീസർ എസ്. പ്രിൻസ്, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, അക്വാകൾച്ചർ പ്രൊമോട്ടർമാർ, മത്സ്യതൊഴിലാളികൾ, മത്സ്യകർഷകർ, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3778/18)

## അടൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ ഒഴിവ്

അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ ലക്ചറർ ഇൻ ആർക്കിടെക്ചറർ, സിവിൽ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, ട്രേഡ്സ്മാൻ ഇൻ ആർക്കിടെക്ചർ എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 60 ശതമാനം മാർക്കോടെ അതത് വിഷയങ്ങളിലെ ബാച്ചിലർ ഡിഗ്രിയാണ് ലക്ചറർ തസ്തികയിലേക്കുള്ള യോഗ്യത. എം.ടെക്, അധ്യാപന പരിചയം എന്നിവയുള്ളവർക്ക് വെയിറ്റേജ് ലഭിക്കും. ട്രേഡ്സ്മാൻ തസ്തികയിലേക്ക് ഐടിഐ/തത്തുല്യ യോഗ്യതയുണ്ടായിരിക്കണം. താത്പര്യമുള്ളവർ ഈ മാസം 26ന് രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പോളിടെക്നിക്ക് കോളേജിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 04734 231776. (പിഎൻപി 3779/18)

## സഹകരണസംഘങ്ങൾ പ്രളയബാധിതർക്ക് 4000 വീടുകൾ നിർമിച്ചു നൽകും: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

സഹകരണ സംഘങ്ങൾ പ്രളയബാധിതർക്കായി സംസ്ഥാനത്ത് 4000 വീടുകൾ നിർമിച്ചു നൽകുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. കോന്നി താലൂക്ക് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ ഭരണകൂടം കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കാണ് സഹകരണ സംഘങ്ങൾ വീടുകൾ നിർമിച്ചു നൽകുക. പദ്ധതിയുടെ ഭാഗമായി 200 കോടി രൂപ സമാഹരിച്ചു വരികയാണ്. ഇതിനോടകം 100 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തുക സമാഹരിക്കുന്നതിനായി സഹകാരികളുടെ ഒരു വർഷത്തെ ലാഭവിഹിതം നൽകാൻ അഭ്യർഥിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ജില്ലയിൽ സഹകരണ സംഘങ്ങൾ 114 വീടുകളാണ് നിർമിക്കുന്നത്. ഇതിനായി വിവിധ സംഘങ്ങൾക്ക് ചുമതല നൽകിക്കഴിഞ്ഞു. സംഘങ്ങളുടെ നേതൃത്വത്തിലുള്ള ജനകീയ കമ്മിറ്റികളാണ് വീടുകൾ നിർമിച്ചു നൽകുക. അഞ്ച് ലക്ഷം രൂപ ഓരോ വീടുകളുടെയും നിർമാണത്തിനായി നൽകും. ഡിസംബർ അഞ്ച് മുതൽ ആരംഭിച്ച് മാർച്ച് അവസാനത്തോടെ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികളാണ് നടന്നു വരുന്നത്.

ആധുനികവത്കരണത്തിലൂടെ മാത്രമേ സഹകരണ മേഖലയ്ക്ക് ഈ കാലഘട്ടത്തിൽ നിലനിൽക്കാൻ സാധിക്കൂ. യുവാക്കളിൽ 12 ശതമാനം പേർമാത്രമാണ് സഹകരണ ബാങ്കുകളിൽ ഇടപാട് നടത്തുന്നത്. കൂടുതൽ സർവീസ് ചാർജ് നൽകിയും ന്യൂജൻ ബാങ്കുകളെ യുവാക്കൾ ആശ്രയിക്കാനുള്ള കാരണം നാം പരിശോധിക്കേണ്ടതാണ്. ആധുനികമായ എല്ലാ സങ്കേതങ്ങളും ലഭ്യമായാൽ സഹകരണ മേഖലകളും കൂടുതൽ ജനകീയമാകുമെന്നും മന്ത്രി പറഞ്ഞു.

കടുത്ത പ്രതിസന്ധികൾ അതിജീവിച്ചാണ് സഹകരണ മേഖല വിജയപ്രദമായി പ്രവർത്തിച്ചു പോരുന്നത്. നോട്ട് നിരോധനം പോലുള്ള പരീക്ഷണഘട്ടങ്ങൾ പോലും അതിജീവിക്കാൻ സാധിച്ചത് സഹകാരികളുടെ ആത്മാർഥമായ സഹകരണം ഒന്നുകൊണ്ട് മാത്രമാണ്. സഹകരണ ബാങ്കുകളിൽ കള്ളപ്പണമാണ് ഉള്ളതെന്ന പ്രചരണങ്ങൾ വരെ നടന്നു. ഈ സന്ദർഭത്തിലാണ് ആധുനിക വത്കരണത്തിന്റെ പ്രസക്തി വർധിക്കുന്നത്. ഇതിന്റെ ഭാഗമായാണ് കേരള ബാങ്ക് യാഥാർഥ്യമാകുന്നത്. പദ്ധതിയുടെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. മുടങ്ങിക്കിടന്ന ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കാൻ സാധിച്ചത് നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

അടൂർ പ്രകാശ് എം എൽ എ അധ്യക്ഷത വഹിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി കെ, ജില്ലാ പഞ്ചായത്ത് അംഗം ബിനി ലാൽ, വള്ളിക്കോട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ജെ അജയകുമാർ, എസ് സി എസ് ടി അസി. രജിസ്ട്രാർ എസ് നസീർ, ബ്ലോക്ക് പഞ്ചായത്തംഗം റോജി എബ്രഹാം, ഗ്രാമപഞ്ചായത്തംഗം ബിനാ ജി നായർ, സഹകരണ സംഘം പ്രസിഡന്റുമാരായ എസ് വി പ്രസന്നകുമാർ, ജെറി ഈശോ

ഉമ്മൻ, റോബിൻ പീറ്റർ, കോന്നിയൂർ വിജയകുമാർ, വി മുരളീധരൻ, ബിജു മർക്കോസ്, അസി സ്റ്റന്റ് രജിസ്ട്രാർ ജി അനിരുദ്ധൻ, ജോയിന്റ് രജിസ് ട്രാർ പി ജെ അബ് ദുൽ ഗഫാർ തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 3780/18)

## തൊഴിൽ മേള

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി കുടുംബശ്രീയിലൂടെ നടപ്പാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പദ്ധതിയായ ഡിഡിയുജികെവൈയുടെ ഭാഗമായി നാളെ (24) രാവിലെ റാന്നി പഴവങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ തൊഴിൽമേളയും മൊബിലൈസേഷനും നടത്തുന്നു. ലോജിസ്റ്റിക്സ്, സെയിൽസ്, ഫീൽഡ് സ്റ്റാഫ്, ഹോട്ടൽ മാനേജ്മെന്റ്, കസ്റ്റമർകെയർ എക്സിക്യൂട്ടീവ് എന്നീ മേഖലകളിലാണ് തൊഴിൽ അവസരങ്ങൾ. എസ്.എസ്.എൽ.സി മുതൽ പി.ജി വരെ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം.

(പിഎൻപി 3781/18)

## ശില്പശാല നടത്തി

ബാലാവകാശ വാരാചരണത്തിന്റെ ഭാഗമായി ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സാക്ഷരത പ്രേരകൻമാർക്കായി ശില്പശാല നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ ഉദ്ഘാടനം ചെയ്തു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ എ ഒ അബീൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ ജോൺ ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. സാക്ഷരത മിഷൻ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ.വി.വി മാത്യൂ, അസി.കോർഡിനേറ്റർ ഡോ.വി മുരുകദാസ്, ഷാൻ രമേഷ് ഗോപൻ എന്നിവർ സംസാരിച്ചു. (പിഎൻപി 3782/18)

## സപ്ലിമെന്ററി പരീക്ഷ

അടുത്ത ജനുവരിയിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് 2013 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ നിന്ന് രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി), 2014,2015,2016 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ നിന്ന് ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കാം. ഈ മാസം 26ന് വൈകിട്ട് നാല് വരെയും ഫൈനോടുകൂടി 29 വരെയും അപേക്ഷ നോഡൽ ഐടിഐയിൽ സ്വീകരിക്കും. കൂടുതൽ വിവരം det.kerala.gov.in എന്ന വെബ്സൈറ്റിലും ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിലും ലഭിക്കും. ഫോൺ: 0468 2258710.

(പിഎൻപി 3783/18)

## രുചിക്കൂട്ടൊരുക്കി ആരണ്യകം സഞ്ചാരികളുടെ മനം കവരുന്നു

കല്ലാറിന്റെ താളത്തിൽ തട്ടി അടവിയിൽ ഒരു കുട്ടവഞ്ചിയാത്ര കൊതിച്ചെത്തുന്ന സഞ്ചാരികൾക്ക് രുചികരമായ ഭക്ഷണക്കൂട്ടൊരുക്കി ആരണ്യകം ശ്രദ്ധനേടുന്നു. കോന്നി-തണ്ണിത്തോട് റോഡിൽ പെരുവാലി വനഭാഗത്തെ നാടൻ ഭക്ഷണശാലയാണ് ആരണ്യകം. 2017 സെപ്റ്റംബറിലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. എലിമുള്ളുംപ്ലാക്കൽ വനസംരക്ഷണസമിതി സ്വയംസേവാസംഘത്തിലെ അംഗങ്ങളായ ആറ് വനിതകൾ ചേർന്നാണ് സഞ്ചാരികൾക്ക് ഭക്ഷണമൊരുക്കുന്നത്. ഇവരുടെ കൈപ്പുണ്യത്തിൽ വീടുകളിൽ നിന്നും തയ്യാറാക്കി എത്തിക്കുന്ന വിഭവങ്ങളാണ് ഇവിടെയുള്ളത്. ഓട്ടട, കൊഴുക്കട്ട, വട്ടയപ്പം, കുമ്പിളപ്പം എന്നിവയും ഉച്ചസമയത്ത് കപ്പ, മീൻകറി എന്നിവയും വട, പഴംപൊരി , ബജ്ജി, ചായ , കാപ്പി , കുപ്പിവെള്ളം എന്നിവയും വിൽപ്പനയ്ക്കുണ്ട്. അടവിയിലെത്തുന്ന സഞ്ചാരികൾക്ക് കല്ലാറിന്റെ കാഴ്ചകളിൽ മനസുടക്കി കാടിന്റെ കുളിർമയിൽ രുചികരമായ

ഭക്ഷണവും കഴിക്കാം. അടവിയിലേക്ക് വരുന്ന സന്ദർശകരാരും ആരണ്യകത്തിന്റെ രുചിയറിയാതെ പോകില്ല. കോന്നി, തണ്ണിത്തോട് റോഡിലെ വാഹനയാത്രികരും ഇവിടുത്തെ സ്ഥിരം സന്ദർശകരാണ്. എലിമുള്ളുംപ്ലാക്കലിനും തണ്ണിത്തോടിനുമിടയിൽ ഏറെ ദൂരം വനപ്രദേശമായതിനാലും ഭക്ഷണശാലകളില്ലാത്തതിനാലും ആരണ്യകം സന്ദർശകർക്കും യാത്രക്കാർക്കും ഏറെ പ്രയോജനപ്പെടും. കോന്നി ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയാണ് ആരണ്യകത്തിന്റെ പ്രവർത്തനഫണ്ട് നൽകുന്നത്. (പിഎൻപി 3784/18)

## ബി.എസ്.സി/ഡിപ്ലോമ നഴ്സുമാരെ സ്കൈപ്പ് ഇന്റർവ്യൂ ചെയ്യുന്നു

സൗദി അറേബ്യയിലെ അൽ-മൗവ്വാസാത്ത് ഹെൽത്ത് ഗ്രൂപ്പിലേക്ക് ബി.എസ്.സി/ഡിപ്ലോമ നഴ്സുമാരെ (സ്ത്രീകൾ മാത്രം) നിയമിക്കുന്നതിനായി ഒഡെപെക് തിരുവനന്തപുരം വഴുതക്കാട് ഓഫീസിൽ ഈ മാസം 28ന് സ്കൈപ്പ് ഇന്റർവ്യൂ ചെയ്യും. താത്പര്യമുള്ളവർ www.odepc.kerala.gov.in എന്ന വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷിക്കണം. ഫോൺ: 0471 2329440/41/42/43/45.

(പിഎൻപി 3785/18)

## എൻ.സി.വി.ടി സപ്ലിമെന്ററി പരീക്ഷ

ഗവ.ഐടിഐ (വനിത) മെഴുവേലിയിൽ 2014 മുതൽ 2017 ആഗസ്റ്റ്മാസം വരെ എൻ.സി.വി.ടി ട്രേഡുകളിൽ പ്രവേശനം നേടിയതും ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷകൾ എഴുതി പരാജയപ്പെട്ടവരും അഞ്ച് അവസരങ്ങൾ ഉപയോഗിക്കാത്തവരുമായ ട്രെയിനികളിൽ നിന്നും, 2019 ജനുവരിയിൽ നടക്കുന്ന എൻ.സി.വി.ടി സപ്ലിമെന്ററി പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫീസായ 160 രൂപ ട്രഷറിയിൽ ഒടുക്കി അപേക്ഷ സഹിതം ഈ മാസം 26നകം പ്രിൻസിപ്പലിന് സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, 0468 2259952 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. (പിഎൻപി 3786/18)

## ക്വട്ടേഷൻ

മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി ബോധവത്ക്കരണ പ്രവർത്തനം നടത്തുന്ന ഗ്രീൻഗാർഡ്സിന് താമസിക്കുന്നതിനായി ചുറ്റുമറയും ടെന്റും നിർമിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഈ മാസം 27ന് ഉച്ചയ്ക്ക് രണ്ട് വരെ ജില്ലാ ശുചിത്വമിഷനിൽ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 0468 2322014. (പിഎൻപി 3787/18)

## കാർ ലേലം

പത്തനംതിട്ട ജില്ലാ കോടതിയിലെ 1995 മോഡൽ ഡീസൽ അംബാസിഡർ കാർ ഡിസംബർ അഞ്ചിന് പകൽ 2.30ന് കോടതി പരിസരത്ത് പരസ്യമായി ലേലം ചെയ്യും.

(പിഎൻപി 3788/18)

## ക്വട്ടേഷൻ

ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെ ഔദ്യോഗിക ഉപയോഗത്തിന് ടാക്സിപെർമിറ്റുള്ള കാർ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് ക്വട്ടേഷൻ നൽകാം. ഡിസംബർ അഞ്ചിന് ഉച്ചയ്ക്ക് ശേഷം മൂന്ന് വരെ ജില്ലാതല ഐസിഡിഎസ് സെല്ലിൽ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 0468 2224130. (പിഎൻപി 3789/18)

## പ്രളയത്തിൽ പൂർണമായും വീട് തകർന്നവർക്ക് 30 വരെയും ഭാഗികമായി തകർന്നവർക്ക് ഡിസംബർ 15 വരെയും അപ്പീൽ നൽകാം

പ്രളയത്തിൽ പൂർണമായും വീട് തകർന്നവരുടെ കണക്കെടുക്കുന്നതിനായി റീബിൽഡ് കേരള ആപ്ലിക്കേഷൻ ഉപയോഗിച്ച് നടത്തിയ സർവെയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള അപ്പീൽ സമിതിക്ക് അപ്പീൽ നൽകുന്നതിനുള്ള അവസാന തീയതി ഈ മാസം 30 ആണ്.ഭാഗികമായി വീട് തകർന്നവർക്ക് ഡിസംബർ 15 വരെ അപ്പീൽ സമർപ്പിക്കാം. പ്രളയത്തിൽ വീടുകൾ പൂർണമായും തകരുകയും റീബിൽഡ് കേരള തയാറാക്കി തഹസീൽദാർമാർ സൂക്ഷ്മ പരിശോധന നടത്തി പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടാത്തവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി) ആണ് അപ്പീൽ നൽകേണ്ടത്. തദ്ദേശഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഹൗസിംഗ് ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരടങ്ങിയ സമിതിയാണ് അപ്പീലിന്മേൽ സാങ്കേതിക പരിശോധന നടത്തുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്ന അപ്പീലുകൾ പരിശോധിച്ച് അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തും. (പിഎൻപി 3790/18)

## ഡോക്യുമെന്ററി ചിത്രീകരണ മത്സരം

തെരഞ്ഞെടുപ്പ് കമ്മീഷൻ Ethical Voting, Inclusive Voting, Role of the Youth in Election process എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആസ്പദമാക്കി ഡോക്യുമെന്ററി ചിത്രീകരണ മത്സരം നടത്തുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് എയ്ഡഡ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്ക് പങ്കെടുക്കാമെന്ന് ജില്ലാ ഇലക്ഷൻ ഓഫീസർ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേധാവികൾക്ക് അഞ്ച് എൻട്രികൾ സമർപ്പിക്കാം. മത്സരത്തിൽ പങ്കെടുക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡിസംബർ 15നകം കളക്ടറേറ്റിലെ ഇലക്ഷൻ വിഭാഗത്തിൽ ഡോക്യുമെന്ററികൾ സമർപ്പിക്കണം. ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന എൻട്രികൾ സംസ്ഥാനതല മത്സരത്തിന് അയയ്ക്കുന്നതും സംസ്ഥാന വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡ്, ലോഗോ, സർട്ടിഫിക്കറ്റ് എന്നിവ ചീഫ് ഇലക്ടറൽ ഓഫീസർ നൽകും. കൂടുതൽ വിവരങ്ങൾക്ക് ഇലക്ഷൻ വിഭാഗത്തിലെ 0468 2224256, 2320940 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം. (പിഎൻപി 3792/18)

## വള്ളിക്കോട് സർവീസ് സഹകരണ ബാങ്ക് സഹകരണ പ്രസ്ഥാനത്തിന് മാതൃക: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

വള്ളിക്കോട് സഹകരണബാങ്ക് സഹകരണ പ്രസ്ഥാനത്തിന് മാതൃകയായ ബാങ്കാണെന്ന് സഹകരണ-ദേവസ്വം-ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. വള്ളിക്കോട് സർവീസ് സഹകരണ ബാങ്കിന്റെ ശതാബ്ദി ആഘോഷവും നവീകരിച്ച ഹെഡാഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാങ്കിന്റെ ഈ വർഷത്തെ ലാഭവിഹിതമായ നാൽപ്പത്തിരണ്ട് ലക്ഷം രൂപ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള സഹകരണവകുപ്പിന്റെ പദ്ധതിയായ ഹോം കെയറിലേക്ക് സംഭാവന ചെയ്യാൻ തീരുമാനിച്ചതിലൂടെ മഹനീയമായ ഒരു മാതൃകയാണ് ബാങ്ക് കാഴ്ചവച്ചിട്ടുള്ളത്. 100 വർഷം സഹകാരികളുടെ വിശ്വാസം നേടി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ വള്ളിക്കോട് സർവീസ് സഹകരണ ബാങ്ക് കേരളത്തിന്റെ സഹകരണ മേഖലയ്ക്ക് തിളങ്ങുന്ന ഒരധ്യായമാണ് എഴുതിച്ചേർത്തത്.

പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമാണത്തിൽ സഹകരണ മേഖല വലിയ പങ്കാണ് വഹിക്കുന്നത്. സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന 4000വീടുകളാണ് സഹകരണ സംഘങ്ങൾ പുനർനിർമിച്ച് നൽകുന്നത്. ഡിസംബർ രണ്ടിന് ചെങ്ങന്നൂരിൽ 2000 വീടുകളുടെ സംസ്ഥാനതല നിർമാണോദ്ഘാടനം നടത്തും. ജില്ലയിൽ 144 വീടുകളാണ് സഹകരണവകുപ്പിന്റെ ശ്രമഫലമായി നിർമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ബാങ്ക് പ്രസിഡന്റ് പി.ജെ അജയകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് രജിസ്ട്രാർ പി.ജെ അബ്ദുൾ ഗഫാർ ചികിത്സാധനസഹായത്തിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. അടൂർ പ്രകാശ് എം.എൽ.എ മുൻപ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും ഫോട്ടോ അനാച്ഛാദനം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജോസഫ്, അസി.രജിസ്ട്രാർ ജി. അനിരുദ്ധൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന രാജൻ, രാജു നെടുവംപുറം, ജോൺ മാങ്കൂട്ടത്തിൽ, ടി.ആർ ചന്ദ്രശേഖരൻ നായർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3793/18)

## ഇന്ന് (23) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (23) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ശോഭ മെഡിക്കൽസ്, പത്തനംതിട്ട, നിരവിൽ മെഡിക്കൽസ് കോന്നി, പുലൂർ ഡ്രസ് ഹൗസ് കോഴഞ്ചേരി, എം.ജി മെഡിക്കൽസ് അടൂർ, എൻഎസ്എസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ പന്തളം, നെൽകോ ഡ്രഗ്ഹൗസ് തിരുവല്ല, കൊട്ടാരത്തിൽ മെഡിക്കൽസ് പെരുമ്പുഴ റാന്നി, എം.റ്റി.എം.എം ബഥനി ഹോസ്പിറ്റൽ റാന്നി.

(പ്രത്യേക പത്രക്കുറിപ്പ് 25/18)

## ശബരിമല തീർത്ഥാടനം
## കൂടുതൽ സൗകര്യങ്ങളൊരുക്കി പൊതുവിതരണവകുപ്പ്

ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കി പൊതുവിതരണ വകുപ്പ്. ആഹാരസാധനങ്ങളുടെ വിലയിലും തൂക്കത്തിലും സീസൺ പ്രമാണിച്ചുണ്ടാകുന്ന ചൂഷണം തടയാനാണ് പൊതുവിതരണ വകുപ്പ് കൂടുതൽ സുരക്ഷാനിർദേശങ്ങളുമായി രംഗത്തെത്തിയിരിക്കുന്നത്. ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഹോട്ടലുകളിലും ഭക്ഷണശാലകളിലും വിൽക്കുന്ന ആഹാരസാധനങ്ങളുടെ കൃത്യമായ വില വിവര പട്ടിക തയാറാക്കി കടകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വലിയ ബോർഡുകളാക്കിയും വിലവിവരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീർത്ഥാടകരെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി പരിശോധന ഊർജിതമാക്കിയിട്ടുണ്ട്. ജില്ലാകളക്ടർ നിശ്ചയിച്ച് പ്രസിദ്ധീകരിച്ച വില തന്നെയാണ് ഈടാക്കുന്നതെന്ന് ഉറപ്പാക്കാനുള്ള ചുമതല ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്കാണ്. ഇതിനൊപ്പം, ആഹാരസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പ്രത്യേക സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. ളാഹ മുതൽ സന്നിധാനംവരെയുള്ള സ്ഥലങ്ങളിൽ കടകളിലും മറ്റും ഒരുമിച്ച് സൂക്ഷിക്കാവുന്ന കൊമേഴ്സൽ ഗ്യാസ് സിലിണ്ടറുകളുടെ പരമാവധി എണ്ണം അഞ്ച് ആയി നിജപ്പെടുത്തി. നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ട് ഉൾപ്പടെ, പത്തനംതിട്ട മുതൽ പമ്പവരെ വാഹനങ്ങളുടെ സമീപത്തായി ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പാചകം ചെയ്യുന്നതും നിരോധിച്ചിട്ടുണ്ട്. മണ്ഡലകാലത്തോട് അനുബന്ധിച്ച് റാന്നി താലൂക്ക് സപ്ലൈ ഓഫീസറായ എസ്. ഉദയഭാനുവിനെ പൊതുവിതരണവകുപ്പിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പരാതികൾ 9188527438, 9447934834 എന്നീ നമ്പരുകളിൽ അറിയിക്കാം.

(പ്രത്യേക പത്രക്കുറിപ്പ് 26/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സാക്ഷരത പ്രേരകൻമാർക്കായി നടത്തിയ ശില്പശാല ജില്ലാ  പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ ഉദ്ഘാടനം ചെയ്യുന്നു.
2) കോന്നി- തണ്ണിത്തോട് റോഡിൽ പെരുവാലി വനഭാഗത്തെ നാടൻ ഭക്ഷണശാല ആരണ്യകം.
3) കോന്നി സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു.
4) വള്ളിക്കോട് സർവീസ് സഹകരണ ബാങ്കിന്റെ ശതാബ്ദിആഘോഷം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **നവംബർ 22**<br>**November 22** | **2018** |

***1193 വൃശ്ചികം 6 വ്യാഴം***

# പത്രക്കുറിപ്പ് -2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


## ശബരിമല: നിരോധനാജ്ഞ നവംബർ 26ന് അർധരാത്രി വരെ നീട്ടി

ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ നവംബർ 26ന് അർധരാത്രി വരെ നീട്ടി ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. നവംബർ 22ന് അർധരാത്രി മുതൽ നവംബർ 26ന് അർധരാത്രി വരെ ഉത്തരവിന് പ്രാബല്യമു ്.

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളത്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും, പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടു ്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടു ്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ, ശരണം വിളിക്കുന്നതിനോ ഈ ഉത്തരവ് മൂലം യാതൊരു തടസവും ഇല്ല.

ജില്ലാ പോലീസ് മേധാവി, ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ട്, എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാർ എന്നിവരുടെ റിപ്പോർട്ടുകളുടെയും തുലാമാസ പൂജാ സമയത്തും ചിത്തിര ആട്ടവിശേഷ സമയത്തും മണ്ഡല മകരവിളക്കിനായി നട തുറന്നതു മുതലുള്ള പ്രതിഷേധങ്ങളുടെയും സംഘർഷ സാധ്യത നേരിൽ ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ്

ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജില്ലാ മജിസ്ട്രേട്ടായ ജില്ലാ കളക്ടർ നിരോധനാജ്ഞ നീട്ടി ഉത്തരവു പുറപ്പെടുവിച്ചത്. (പിഎൻപി 3794/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**